മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ

85 (777) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായ പകൽസമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലകളിൽ പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാനസികരോഗം ഭേദമായതും തുടർചികിത്സ ആവശ്യമുള്ളവർക്കും വേണ്ടിയാണ് പകൽ വീടുകൾ ആരംഭിച്ചിട്ടുള്ളത്. മാനസികാരോഗ്യം ഭേദമായവർക്കും തുടർചികിത്സ വേണ്ടവർക്കും സ്വയംപര്യാപ്തമാകുവാനും സമൂഹവുമായി കൂടുതൽ ഇടപഴകുവാനുള്ള അവസരവും ടി കേന്ദ്രങ്ങളിലൂടെ സാധ്യമാകുന്നതാണ്.

(ബി) കണ്ണൂർ ജില്ല ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും പകൽ വീടുകൾ തുടങ്ങിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ഇവർക്കുള്ള പകൽ സമയ ശുശ്രൂഷകൾ, അവർക്ക് ആവശ്യമായ മരുന്നുകൾ, ഭക്ഷണം എന്നിവ സൗജന്യമായി നൽകിവരുന്നു. കൂടാതെ തൊഴിൽ പരിശീലനവും അന്തേവാസികളുടെ മാനസികോല്ലാസത്തിനുള്ള പരിപാടികളും നടത്തിവരുന്നു. കൂടാതെ കൗൺസിലറുടെ സേവനവും ഡോക്ടറുടെ സേവനവും നൽകിവരുന്നു.

(സി) കണ്ണൂർ ജില്ലയിൽ ആരംഭിച്ചിട്ടില്ല. പദ്ധതി ജില്ലയിൽ നടപ്പിലാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ എന്നിവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly